*Celebrating Extraordinary Missionary Month October 2019…*

**Thursday, 10 October 2019**

ഏലിയാ സ്ലീവാ മൂശാകാലം അഞ്ചാം വ്യാഴം

Lk 9:28-35

രൂപാന്തരീകരണം

Fr. Winson Moyalan CMI

മനുഷ്യ ചരിത്രത്തിലെ നിർണ്ണായകമായ ഒരു മുഹൂർത്തത്തിന്റെ പ്രഖ്യാപനമാണ് ഇന്നത്തെ സുവിശേഷ ഭാഗം. മനുഷ്യരക്ഷയ്ക്കായുള്ള യേശുവിന്റെ ദൗത്യം - സാത്താന്റെ തല തകർക്കുന്ന അവസാന പ്രഹരം - അവന്റെ കുരിശുമരണത്തിലൂടെ അരങ്ങേറുന്നതിനുള്ള സ്വർഗ്ഗത്തിന്റെ അംഗീകാരമുദ്ര ചാർത്തുകയാണ് മോശയും, ഏലിയായും. ഈജിപ്തിന്റെ അടിമത്വത്തിൽ കഴിഞ്ഞിരുന്ന തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ മോചിപ്പിക്കുക എന്ന ദൗത്യം ഏല്പിക്കപ്പെട്ട മോശയുടേയും, അവരുടെ അപചയങ്ങളിൽ നേർവഴിയിലേക്ക് കൊണ്ടുവരാൻ അയയ്ക്കപ്പെട്ട പ്രവാചകരിൽ പ്രമുഖനായ ഏലിയായുടേയും സാന്നിദ്ധ്യം പഴയ നിയമത്തിന്റെ തുടർച്ചയാണ് ഇവിടെ അരങ്ങേറുന്നതെന്ന് വ്യക്തമാക്കുന്നു.

"ജറുസലേമിൽ പൂർത്തിയാകേണ്ട അവന്റെ കടന്നു പോകലിനെക്കുറിച്ചാണ് അവർ സംസാരിച്ചത്."( 31) യേശുവിലൂടെ പൂർത്തിയാക്കേണ്ട യഥാർത്ഥ പുറപ്പാടിനെക്കുറിച്ചുള്ളതാണ് അവരുടെ സംസാരവിഷയം.

ആ സംസാരത്തിന്റെ അംഗീകാരമാണ് മേഘത്തിനുള്ളിൽ നിന്നുള്ള ദൈവപിതാവിന്റെ സ്വരം:

"ഇവൻ എന്റെ പ്രിയപുത്രൻ. എന്റെ തിരഞ്ഞെടുക്കപ്പെട്ടവൻ. ഇവന്റെ വാക്ക് ശ്രവിക്കുവിൻ." (35)

ഈ സമയം നിദ്രാവിഹീനരാ യിരുന്നിട്ടും പത്രോസും കൂടെയുള്ളവരും ഉണർന്നിരുന്നു. (32) അത്ര അനുഭൂതി ദായകമായിരുന്നു ആ അനുഭവം. ഇവർ തന്നെയാണ് യേശുവിന്റെ രക്തം വിയർത്തുള്ള തിക്താനുഭവവേളയിൽ, യേശു ആവർത്തിച്ചവശ്യപ്പെട്ടിട്ടും ഉറങ്ങി പോയവർ. ( 22:45)

ഇവിടെ ജാഗ്രതയോടെയിരുന്നതിനാൽ മഹത്വപൂർണ്ണമായ യേശുവിന്റെ മറുരൂപം ദർശിക്കുവാൻ അവർക്ക് ഭാഗ്യം ലഭിച്ചു. ജീവിതത്തിൽ പലതും നമുക്ക് നഷ്ടപ്പെടാതിരിക്കാൻ ആത്മീയ വിഷയത്തിൽ നാം എപ്പോഴും ഉണർന്നിരിക്കണമെന്ന വലിയ സന്ദേശം നമുക്കിവിടെ ലഭിക്കുന്നു.

*Published by*
CMI General Department of Evangelization and Pastoral Ministry